(ഡി) വാടക കുടിശ്ശിക എന്ന് കൊടുത്തുതീർക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) ഇവിടെ സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിനുവേണ്ടി സർക്കാർ സ്ഥലം അനുവദിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ എന്നാണ് സ്ഥലം അനുവദിച്ചത്, ഏതുഭാഗത്താണ് ഈ സ്ഥലം സ്ഥിതിചെയ്യുന്നത്; എത്ര സെന്റ് സ്ഥലം ഉണ്ട് എന്ന് വെളിപ്പെടുത്താമോ;

(ജി) ഈ സ്ഥലത്ത് ഐ.സി.ഡി.എസ്. ഓഫീസ് പണിയുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(എച്ച്) തടസ്സം ഉണ്ടെങ്കിൽ ആയത് നീക്കുന്നതിനും ഓഫീസ് കെട്ടിടം പണിയുന്നതിനും സർക്കാർ കൈക്കൊണ്ട നടപടി വെളിപ്പെടുത്തുമോ?

ഉത്തരം

(എ—എച്ച്) വിവരം ശേഖരിച്ചുവരുന്നു.

ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ജോലിഭാരം ലഘൂകരിക്കാൻ നടപടി

29 [1330] **ശ്രീ. യു. സി. രാമൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പ്രദേശങ്ങളിൽ ജോലിചെയ്യുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ പദ്ധതി പ്രവർത്തനങ്ങളുടെ ഇപ്ലിമെന്റിംഗ് ഓഫീസർമാരായതുകൊണ്ട് ഇവരുടെ ജോലിഭാരം വർദ്ധിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജോലിഭാരം ലഘൂകരിക്കുന്നതിനുവേണ്ടി ഗ്രാമ പഞ്ചായത്തിലേക്ക് ഒന്ന് എന്ന തോതിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇത് എന്നുമുതൽ നടപ്പിൽവരുത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിഗണിച്ചിട്ടില്ല.

(സി) ബാധകമല്ല.

അംഗൻവാടി സൂപ്പർവൈസർമാരുടെ ഒഴിവുകൾ

30 [1332] **ശ്രീ. എ. എ. അസീസ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ അംഗൻവാടി സൂപ്പർവൈസർമാരുടെ തസ്തിക ഒഴിവുണ്ടോ; എങ്കിൽ എത്ര;

1331-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അംഗൻവാടി സൂപ്പർവൈസർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 152 സ്ഥിരം ഒഴിവുകൾ ഉണ്ട്. ഇതിൽ അംഗൻവാടി ജീവനക്കാരായിരുന്ന 53 പേർ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്നു. 50 പേരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ പി.എസ്.സി. ശുപാർശ ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്നത് 49 ഒഴിവുകളാണ്.

(ബി) 2:1:1 എന്ന അനുപാതത്തിൽ യഥാക്രമം പൊതുവിഭാഗത്തിൽ നിന്നും നേരിട്ടുള്ള നിയമനം, അംഗൻവാടി വർക്കർമാരിൽ നിന്നും നേരിട്ടുള്ള നിയമനം, ഫീഡർ കാറ്റഗറികളിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനം എന്നിവയാണ്, സൂപ്പർവൈസർ തസ്തികയിലേക്കുള്ള നിയമന മാനദണ്ഡം, സ്ഥാനക്കയറ്റം, അംഗൻവാടി വർക്കർമാരിൽനിന്നുള്ള നിയമനം, പൊതുവിഭാഗത്തിൽനിന്നുള്ള നിയമനം എന്നിങ്ങനെയാണ് നിയമനക്രമം.

വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

31 [1333] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികലാംഗരിൽ എത്രപേർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ടെന്നും, സംസ്ഥാനത്ത് ആകെ എത്ര വികലാംഗർ ഉണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് തിരിച്ചറിയൽ കാർഡ് ലഭിച്ചവർക്ക് ഇപ്പോഴും വിവിധ ആവശ്യങ്ങൾക്ക് ചില ബുദ്ധിമുട്ടുകൾ നേരിടുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) കുറിയ വിഭാഗത്തിൽപ്പെട്ട വികലാംഗർക്ക് വികലാംഗ സർട്ടിഫിക്കറ്റ് നൽകുന്നില്ലായെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത വിഭാഗത്തിനുംകൂടി വികലാംഗ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ഉത്തരം

(എ) ആകെ 75111 പേർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ആകെ എത്ര വികലാംഗരുണ്ടെന്ന കണക്ക് സർക്കാർതലത്തിൽ ശേഖരിച്ചിട്ടില്ല. ശേഖരിച്ച് നൽകുന്നതാണ്.

(ബി ആന്റ് സി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ബസ് പാസ് നൽകുന്നതിന് തിരിച്ചറിയൽ കാർഡ് ആധികാരികരേഖയായി കണക്കാക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly